# വെളിപ്പാട്പുസ്തകം ഒരു പഠനം - ഭാഗം 5

"പ്രവചനം ഒരിക്കലും മനുഷ്യന്റെ ഇഷ്ടത്താൽ ഉളവായതല്ല. ദൈവകൽപ്പനയാൽ
മനുഷ്യർ പരിശുദ്ധാത്മ നിയോഗം പ്രാപിച്ചിട്ടു സംസാരിച്ചതത്രെ
(2പത്രോ. 1:20,21)".


Pr. M.V. Simon B.Th,
M.Div, M.A 'M.Th'

## അധ്യായം 5

## അറുക്കപ്പെട്ട കുഞ്ഞാട്

വെളിപ്പാടുപുസ്തകത്തിലെ ഏറ്റവും സുപ്രധാനമായ ഒരധ്യായമാണ് അഞ്ചാംഅധ്യായം. കുഞ്ഞാടായക്രിസ്തു നേടിയെടുത്ത വീണ്ടെടുപ്പിൻ പാട്ടാണിത്.

ഈ അധ്യായത്തെ നമുക്ക് അഞ്ചായി തിരിച്ചു പഠിക്കാം.

1. ഏഴുമുദ്രകളുള്ളപുസ്തകം 5:1...4
2. പുസ്തകം ഏറ്റുവാങ്ങുവാൻ കുഞ്ഞാട് യോഗ്യൻ 5:5...7
3. കുഞ്ഞാടിനെ ആരാധിക്കുന്ന ജീവികളും മൂപ്പൻമാരും 5:8...10
4. ദൂതൻമാരുടെആരാധന 5:11,12
5. സകല സൃഷ്ടിയുടെയും ആരാധന 5:13,14.

യോഹന്നാൻ കണ്ട പുസ്തകത്തിന് 7 മുദ്രകൾ ഉണ്ടായിരിന്നു. വിൽപത്രം എഴുതുമ്പോൾ 7 സാക്ഷികൾ അതിനെ മുദ്രയിടണമെന്നാണ് റോമൻനിയമം. പിന്നീട് അത് തുറക്കണമെങ്കിൽ മുദ്രയിട്ടവരോ അവരുടെ പ്രധിനിധികളോ വേണം. മനുഷ്യവർഗ്ഗത്തിന്റെയും മുഴുപ്രപഞ്ചത്തിന്റെയും വീണ്ടെടുപ്പുസംബന്ധിച്ച വിൽപത്രമാണ് വെളിപ്പാട് 6:1...22:5 വരെ. മുദ്രപൊട്ടിപ്പാൻ യോഗ്യനായി സ്വർഗ്ഗത്തിലും ഭൂമിയിലും ഭൂമിക്കുകീഴിലും ആരെയും കാണായ്കയാൽ യോഹന്നാൻ ഏറ്റവും കരഞ്ഞു. ഈ പുസ്തകം പൊട്ടിച്ചില്ലെങ്കിൽ ഭാവിയിൽ ലോകത്തിൽ സംഭവിക്കേണ്ട വീണ്ടെടുപ്പിൻ പദ്ധതി നിറവേറുകയില്ല എന്നത് യോഹന്നാൻ മനഃസ്സിലാക്കി അതിനാലായിരിക്കാം അവൻ കരഞ്ഞത്. ഉടനെ ദാവീദിന്റെവേരും യഹൂദാഗോത്രത്തിലെ സിംഹവുമായവൻ പറഞ്ഞു കരയേണ്ട. യേശു ക്രിസ്തു ജയംപ്രാപിച്ചവനാണ്. വീണ്ടെടുപ്പിന്റെ അവകാശം ഉന്നയിപ്പാൻ യേശുവിനല്ലാതെ വേറെ ആർക്കും അധികാരമില്ല. കുഞ്ഞാടുനിൽക്കുന്നത് സിംഹാസനത്തിന്റെയും നാലുജീവികളുടേയുംനടുവിലും മൂപ്പൻമാരുടെ മധ്യത്തിലുമാണ്. യേശുക്രിസ്തുവിന്റെ സ്ഥാനം എപ്പോഴും മധ്യത്തിലാണ്. താഴെക്കൊടുത്തിരിക്കുന്നകാര്യങ്ങൾശ്രദ്ധിക്കുക.

- യേശുക്രിസ്തുവിന്റെ നാമത്തിൽ കൂടിവരുന്നവരുടെ മധ്യത്തിൽ(മത്താ.18:20).
- ത്രിത്വത്തിൽ രണ്ടാമൻ (മത്താ.28:19)
- പുരുഷാരത്തിന്റെ നടുവിൽ(യോഹ.1:26)
- ഉപദേഷ്ടാക്കൻമാരുടെ മധ്യത്തിൽ(ലൂക്കോ.4:44)
- രണ്ടുകള്ളൻമാരുടെ നടുവിൽ(യോഹ.19:18)

- ശിഷ്യൻമാരുടെ നടുവിൽ(യോഹ.20:19)
- ഏഴുപൊൻനിലവിളക്കുകളുടെ നടുവിൽ(വെളി.1:13)

## 7 മുദ്രകൾ(വെളി.6:1  8:1)

7 മുദ്രകളെക്കുറിച്ച് പഠിക്കുന്നതിന്മുൻപ് സഭമാറ്റപ്പെട്ടാൽ ഭൂമിയുടെ അവസ്ഥ യെപ്പറ്റി ചിന്തിക്കാം. സഭഎടുക്കപ്പെട്ടതിനുശേഷം ഭൂമിയുടെ അവസ്ഥ വളരെ ശോചനീയമായിരിക്കും. ചില കാര്യങ്ങൾ താഴെക്കൊടുക്കുന്നു.

- ലോകത്തിന്റെവെളിച്ചമായസഭ മാറ്റപ്പെട്ടാൽ അന്ധകാരം (മത്താ.5:14; യോവേ.2:2)
- കുഞ്ഞാടുകളായവിശുദ്ധൻമാർ മാറ്റപ്പെട്ടാൽ  ചെന്നായ്ക്കളും ദുഷ്ടൻമാരും ശേഷിക്കും (ലൂക്കോ.10:3)
- ലോകത്തിന്റെ ഉപ്പായസഭ മാറ്റപ്പെട്ടാൽ കാരമില്ലാത്ത അവസ്ഥ(മത്താ.5:13)
- മുള്ളുകളുടെ ഇടയിലെ താമരയായ  സഭ മാറ്റപ്പെട്ടാൽ വേദനാജനകമായ മുള്ള് ശേഷിക്കും (ഉത്ത.2:2)
- സ്ഥാനാപതികളായശുശ്രൂഷകൻമാരെ തിരിച്ചുവിളിച്ചതിനാൽ ദുഃർഭരണം, സാത്താന്യ ഭരണം ഉണ്ടാകും(2കൊരി.5:20)
- നല്ലമണികളായവിശ്വാസികളെ ചേർത്തതിനാൽ ചുടുവാനുള്ള പതിർ ശേഷിക്കും(മത്താ.3:12)
- സമാധാനപുത്രൻമാർമാറിയതിനാൽ പരിഭ്രാന്തിയും അസമാധാനവും ശേഷിക്കും(മത്താ.5:9)
- അധർമ്മത്തെതടയുന്ന പരിശുദ്ധാത്മാവ് മാറിയതിനാൽ ദുഷ്ടതപാരമ്യത്തിൽ എത്തും(2തെസ്സ.2:6...8).

ഇങ്ങനെയുള്ള ജനത്തെ ന്യായംവിധിക്കുന്നത് അക്ഷരാർത്ഥത്തിൽ ദൈവത്തിന്റെ നീതികൂടെയാണ്. അടുത്തലക്കത്തിൽ 7 മുദ്രകളെക്കുറിച്ച് ചിന്തിക്കാം.